## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4697 26.10.2016-ൽ മറുപടിയ്ക്ക്

### കടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം .തോമസ്: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ തിരുവമ്പാടി മണ്ഡലത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽ പുതിയതായി നിർദ്ദേശിക്കപ്പെട്ടതും എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | എ ചാത്തമംഗലത്തിനും സമീപത്തുള്ള 9 പഞ്ചായത്തുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ തിരുവമ്പാടി മണ്ഡലത്തിലെ മുക്കം, കാരശ്ശേരി, കൊടിയത്തൂർ എന്നി പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ 133 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തിരുവമ്പാടിയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായി ഒരു ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാരംഭ പഠനം നടന്നു വരുന്നു. തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ബഹു.എം.എൽ.എ നിർദ്ദേശിച്ചത് അനുസരിച്ച് കൊടുവള്ളി അസിസ്റ്റന്റ് എഞ്ചിനീയർ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>1. കൊടുയത്തൂർ പഞ്ചായത്തിലെ തോട്ടുമുക്കം പദ്ധതിയുടെ പുനരുദ്ധാരണം - 24 ലക്ഷം<br>2. മുക്കം മുനിസിപ്പാലിറ്റിയിലെ മാമ്പറ്റ കുടിവെള്ള പദ്ധതി പുനരുദ്ധാരണം - 59 ലക്ഷം |
| ബി പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി ധനലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ